വമായ തോതി ഒരു കോളനൈസേഷൻപദ്ധതി ശ്രീ ഗവ ണ്മെൻറിന്റെ രണ്ടാം പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് സ്റ്റേറ്റ ഗവണ്മെൻറ് ശുപാർശചെയ്തിട്ടുണ്ട്.

(ബി) പ്ലാനിംഗ് കമ്മിഷന് ഇതേപ്പറ്റിയുള്ള അഭിപ്രായം എന്താണെന്ന് അറിയാറായിട്ടില്ല.

(സി) തിരുവിതാംകൂർ–കൊച്ചിയിൽനിന്നും ഏതു കുടുംബങ്ങളെ കുടി പാർപ്പിക്കുന്നതിന് സാധിക്കുമെന്നുള്ളതിനെപ്പറ്റി യാതൊരു തീരുമാനവും ചെയ്തിട്ടില്ല.

പ്രൈവറ്റ്സ്കൂൾ അദ്ധ്യാപകർക്ക് പ്രാവിഡൻറ ഫണ്ട്.

* 161. [46] ശ്രീ. പി. ഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈവറ്റ്സ്കൂൾ അദ്ധ്യാപകന്മാർക്ക് നിർബ്ബന്ധിത പ്രാവിഡൻറഫണ്ട് ഏർപ്പെടുത്തുവാൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതിനു കാലതാമസം വരുത്തുന്നതു് എന്തുകൊണ്ടാണ്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഉണ്ട്.

(ബി) പ്രാവിഡൻറഫണ്ടിന്റെ നിബന്ധനകൾ 10–9–55-ൽ ആണ് ഗവണ്മെൻറ് അംഗീകരിച്ചതു്. വിദ്യാഭ്യാസഡയറക്ടരുടെ കീഴിൽ ഫണ്ടിന്റെ കണക്കുകൾ സൂക്ഷിക്കുന്നതിന് ഒരു പ്രത്യേ വിഭാഗം അനുവദിച്ചു് ഉത്തരവും പാസ്സാക്കിക്കഴിഞ്ഞു. പ്രസ്തുത വകുപ്പു് 1–10–55 മുതൽ പ്രവർത്തനം ആരംഭിക്കുന്നതാണ്. അതോടുകൂടി ഫണ്ട് നടപ്പിൽ വരുന്നതാണ്.

ജലനികുതി.

* 162. [48] ശ്രീ. കെ. കെ. പൊലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1953–54, 1954–55 എന്നീ വർഷങ്ങളിൽ ജലനികുതി ഇനത്തിൽ ഗവണ്മെൻറിലേയ്ക്ക് പിരിഞ്ഞുകിട്ടുവാനുള്ള തുക സംഖ്യ എത്ര ;

(ബി) തൃശ്ശൂർ, മുകുന്ദപുരം താലൂക്കുകളിൽനിന്നും എത്ര വീതം; ഈ താലൂക്കുകളിലെ കൃഷിക്കാരിൽനിന്നും ഈടാക്കുവാനുള്ള സംഖ്യ വിട തൽചെയ്തു കൊടുക്കുവാൻ ആവശ്യപ്പെട്ടുകൊണ്ട് ഗവണ്മെൻറിലേയ്ക്ക് എത്ര നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

(എ) 1953–54 വർഷത്തിൽ പിരിഞ്ഞുകിട്ടാനുള്ളതു്, രൂപ 6,75,060, അണ 10, പൈ. 1.

1954–55-ൽ പിരിഞ്ഞുകിട്ടാനുള്ളതു്, രൂപ 7,49,595, അണ 3, പൈ. 9.

LIBRARY ARCHIVES Kerala Legislative Assembly